# KPSTA സ്റ്റേറ്റ് അക്കാദമിക് കൗൺസിൽ
## സി .എം കിഡ്സ് സ്കോളർഷിപ്പ് മാതൃകാ പരീക്ഷ 2026

റോൾ നമ്പർ

അക്കത്തിൽ അക്ഷരത്തിൽ

| | | | | | |
|---|---|---|---|---|---|
| | | | | | |
| | | | | | |

### പേപ്പർ (II)
### (വിവരണാത്മക ചോദ്യങ്ങൾ)
### പൊതുനിർദ്ദേശങ്ങൾ

* പരീക്ഷയുടെ ദൈർഘ്യം രണ്ട് മണിക്കൂറാണ്.
* ഇതിൽ ആദ്യത്തെ 15 മിനിട്ട് ചോദ്യങ്ങൾ വായിച്ച് മനസ്സിലാക്കാനുള്ള സമാശ്വാസ സമയവും പിന്നീടുള്ള ഒന്നേ മുക്കാൽ മണിക്കൂർ ഉത്തരമെഴുതുവാനുള്ള സമയവുമായിരിക്കും.
* പേപ്പർ (II) ബുക്ക്ലെറ്റ് രൂപത്തിലുള്ളതും ഓരോ ചോദ്യത്തിനും തൊട്ടുതാഴെ ഉത്തരമെഴുതാനുള്ള സ്ഥലം നൽകിയിട്ടുണ്ട്.
* പേപ്പർ (II) ൽ ആകെ 6 ചോദ്യങ്ങളാണുണ്ടായിരിക്കുക.
* ഓരോ ചോദ്യത്തിനും 5 സ്കോർ വീതം ആകെ 30 സ്കോറാണ് ഉണ്ടായിരിക്കുക.
* പേപ്പർ ( II) ൽ 1 മുതൽ 2 വരെയുള്ള ചോദ്യങ്ങൾ ഒന്നാംഭാഷയിൽ നിന്നുള്ളതും 3-ാം ചോദ്യം ഇംഗ്ലീഷിലും 4 മുതൽ 5 വരെയുള്ള ചോദ്യങ്ങൾ ഗണിതവും 6ാം ചോദ്യം പരിസരപഠനവും ആയിരിക്കും.

### മലയാളം

1. ആറ്റിൻവക്കത്തെ മാളികവീട്ടില
ന്നാറ്റുനോറ്റിട്ടൊരുണ്ണി പിറന്നു.
ഉണ്ണിക്കരയിലെക്കിങ്ങിണി പൊന്നുകൊണ്ടു
ണ്ണിക്കു കാതിൽക്കുടക്കടുക്കൻ.
പാപ്പ കൊടുക്കുന്നു പാലു കൊടുക്കുന്നു
പാവ കൊടുക്കുന്നു നങ്ങേലി.
കാച്ചിയ മോരൊഴിച്ചൊപ്പിവടിച്ചിട്ടു
മാനത്തമ്പിളി മാമനെക്കാട്ടീട്ടു
കാക്കേ പൂച്ചേ പാട്ടുകൾ പാടീട്ടു
മാമു കൊടുക്കുന്നു നങ്ങേലി.
താഴെ വെച്ചാലുറുമ്പരിച്ചാലോ
തലയിൽ വെച്ചാൽ പേനരിച്ചാലോ
തങ്കക്കുടത്തിനെത്താലോലം പാടീട്ടു
തങ്കക്കട്ടിലിൽപ്പട്ടു വിരിച്ചിട്ടു
തണുതണപ്പൂന്തുടതട്ടിയുറക്കീട്ടു
ചാഞ്ഞു മയങ്ങുന്നു നങ്ങേലി.
പൂതപ്പാട്ട് ഇടശ്ശേരി ഗോവിന്ദൻ നായർ

വരികൾ വായിച്ച് രചനാപരിചയക്കുറിപ്പ് തയ്യാറാക്കുക. (സ്കോർ 5)

| |
|---|
| |

2. പഞ്ചവൻ കാട്ടിൽ എല്ലാവരും സന്തോഷത്തിലാണ് . കാനന പഞ്ചായത്ത് കാട്ടിലാദ്യമായി ഒളിമ്പിക്സ് മത്സരം നടത്താൻ തിരുമാനിച്ചിരിക്കുകയാണ്. പ്രായഭേദമെന്യേ ഏവർക്കും മത്സരങ്ങളിൽ പങ്കെടുക്കാം എന്നതാണ് മേളയുടെ പ്രത്യേകത. കാനന മേളയുടെ കൺവീനർ ആയി ചിന്നൻ കടുവയെ തിരഞ്ഞെടുത്തു. ഈ വിവരം കാടുമുഴുവൻ അറിയിക്കണം..അതിനായി മത്സര ഇനങ്ങളും, അവനടത്തുന്ന സ്ഥലങ്ങളും ഉദ്ഘാടനവും ദിവസവും സമയവും ഒക്കെ ഉൾപ്പെടുത്തി നോട്ടീസ് തയ്യാറാക്കിഎല്ലാവർക്കും നൽകാൻ തീരുമാനമായി. മേളയുടെ ഉദ്ഘാടന പരിപാടിക്ക് സ്വാഗതം പറയുന്നത് ചോട്ടു മുയൽ. അധ്യക്ഷത വഹിക്കുന്നത് കാനന പഞ്ചായത്ത് പ്രസിഡന്റായ കൊമ്പൻ ആനയാണ്.മേളയുടെ മുഖ്യാതിഥി മികച്ച ഓട്ടക്കാരിയായ എമ്മ എന്ന ഒട്ടകപക്ഷിയാണ്. ഉദ്ഘാടനം ചെയ്യുന്നത് കാട്ടിലെ ഗുസ്തി താരമായ ചിങ്കൻ കരടിയും . മത്സരവിവരങ്ങൾ, നിബന്ധനകൾ തുടങ്ങിയവ സുപ്രൻ കുറുക്കൻ അവതരിപ്പിക്കും. പരിപാടിക്ക് ചിന്നു മാൻ നന്ദി അർപ്പിച്ചു സംസാരിക്കും. സമ്മാന വിതരണം നടത്തുന്നത് കാനന പഞ്ചായത്ത് അംഗം ചീരു മയിൽ ആണ്. മുകളിൽ പറയുന്ന വിവരങ്ങൾ ഉൾപ്പെടുത്തി ഒരു നോട്ടീസ് തയ്യാറാക്കുക. (സ്കോർ 5 )

## ENGLISH

3. Ninnu learned to read books with the help of Didi. A reading competition was conducted at the village library as part of the Reading day celebrations. Ninnu won the best Reader's Award. She was very happy that day. Ninnu shared her happiness with Didi.

Write the conversation between Ninnu and Didi.

Ninnu : Hai Didi , I am very happy . I got the best readers award.

Didi :

Ninnu :

Didi :

Ninnu :

Didi :

## ഗണിതം

4. 2028 ജനുവരി 1 ശനിയാഴ്ചയാണെങ്കിൽ താഴെപ്പറയുന്ന ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തുക.

A. 2028 ഡിസംബർ 31 ഏത് ദിവസമായിരിക്കും ? (സ്കോർ 1 )

B. 2027 ജനുവരി 1 ഏത് ദിവസമായിരിക്കും ? (സ്കോർ 1 )

C. 2028 ലെ റിപ്പബ്ലിക് ദിനം ഏത് ദിവസമാണ് ആചരിക്കുക ? (സ്കോർ 1 )

D. 2028 ഫെബ്രുവരി മാസത്തിൽ എത്ര തിങ്കളാഴ്ചകൾ ഉണ്ടായിരിക്കും ? (സ്കോർ 1 )

E. 2028 ജനുവരി മാസത്തിൽ അഞ്ച് പ്രാവശ്യം വരുന്ന ദിവസങ്ങൾ ഏതൊക്കെ? (സ്കോർ 1 )

5) ഇഷാൻ ദേവിന്റെ അമ്മ അച്ഛൻ വിദേശത്തുനിന്ന് അയച്ച പണം എടുക്കാൻ ബാങ്കിൽ പോയി. 50ന്റെയും 100 ന്റെയും കെട്ടുകളായാണ് പണം കിട്ടിയത്.. രണ്ടു കെട്ടിലും 50 വീതം നോട്ടുകൾ ഉണ്ടായിരുന്നു. എങ്കിൽ

A. ബാങ്കിൽ നിന്ന് ആകെ പിൻവലിച്ച പണം എത്ര?

B. ആ തുകയിൽ നിന്ന് 2468 രൂപയ്ക്ക് വീട്ടുസാധനങ്ങളും 532 രൂപയ്ക്ക് ഇഷാൻ ദേവിന് ഒരു സ്കൂൾ ബാഗും 800 രൂപയ്ക്ക് വീട്ടാവശ്യത്തിനായി ഒരു കുക്കറും വാങ്ങി. ബാക്കി എത്ര രൂപ അമ്മയുടെ കയ്യിൽ ഉണ്ടാകും?

C. ബാക്കിയുള്ള തുക മുഴുവനും നൂറിന്റെ നോട്ടുകൾ ആയാണ് ഉള്ളത് എങ്കിൽ, അമ്മയുടെ കൈവശം നൂറിന്റെ എത്ര നോട്ടുകൾ ഉണ്ടാകും ?

6 . മാളു ടീച്ചറോടും കൂട്ടുകാർക്കുമൊപ്പം കുളം സന്ദർശിച്ചു അവൾ കണ്ടെത്തിയ വിവരങ്ങൾ തന്റെ പരിസര നിരീക്ഷണ ഡയറിയിൽ രേഖപ്പെടുത്തി . നമുക്കത് പൂർത്തിയാക്കിയാലോ ?

| **ജീവികൾ** | **അനുകൂലനം** |
|---|---|
| പൊൻമാൻ | നീണ്ടു കൂർത്ത ബലമുള്ള കൊക്ക് |
| (a ) ...................... | വെള്ളത്തിലായിരിക്കുമ്പോൾ ത്വക്കിലൂടെ ശ്വസിക്കുന്നു |
| (b ) ...................... | ഉരസിലെ ശൽക്കങ്ങൾ കരയിൽ സഞ്ചരിക്കാൻ സഹായിക്കുന്നു |
| താറാവ് (c ) | ........................................................................... (സ്കോർ 3) |

(d) കുളത്തിലെ ജീവിയ അജീവിയഘടകങ്ങൾ പരസ്പരം ആശ്രയിക്കുന്നത് ഉദാഹരണം സഹിതം വിശദീകരിക്കുക? (സ്കോർ 2)